# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2759 — 18.08.2017- ൽ മറുപടിക്ക്

**മാനേജ്മെന്റ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുനർനിയമനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലീവ് വേക്കൻസിയിൽ ദീർഘകാലം തുടർച്ചയായ സേവനം അനുഷ്ഠിക്കുകയും ലീവ് കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് പുറത്തുപോകേണ്ടി വരുകയും ചെയ്യുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുനർനിയമനം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല |
| (ബി) കെ.ഇ.ആർ. ചാപ്റ്റർ 14A സെക്ഷൻ 51A-യിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ, ഇപ്രകാരം സേവനം അനുഷ്ഠിച്ച് പുനർനിയമനത്തിന് അവകാശമുള്ള ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകർ ജോലി നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിൽ തുടർന്നുണ്ടാകുന്ന ഗസ്റ്റ് ഫാക്കൽറ്റി, ഡെയിലി വേജസ് എന്നീ ഒഴിവുകളിലേക്ക് അവരെ പരിഗണിക്കാതെ പുതുതായി ഗസ്റ്റ് അദ്ധ്യാപകരെയും ഡെയിലി വേജസ് അദ്ധ്യാപകരെയും നിയമിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിൽ തുടർന്നുണ്ടാകുന്ന ഗസ്റ്റ് ഫാക്കൽറ്റി, ഡെയിലി വേജസ് എന്നീ ഒഴിവുകളിലേക്ക് പുറത്ത് പോകേണ്ടിവന്ന അദ്ധ്യാപകർക്ക് മുൻഗണന നൽകി ആദ്യമേതന്നെ പരിഗണിക്കണമെന്ന് മേൽപ്പറഞ്ഞ WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ ആയത് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ